**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 314 — 10.05.2017 ൽ മറുപടിക്ക്

## *സൗജന്യ വൈ-ഫൈ സൗകര്യം*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**" പി.ടി. തോമസ്**<br>**" തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**" അനിൽ അക്കര** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) തിരക്കേറിയ ബസ് സ്റ്റാൻഡുകളിലും പാർക്കുകളിലും സൗജന്യ വൈ-ഫൈ സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) 2016-17 ലെ ബജറ്റിൽ പ്രഖ്യാപിച്ച 'ആയിരം വൈ-ഫൈ ഹോട്ട് സ്പോട്ട്' പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) സംസ്ഥാനമൊട്ടാകെ ജനത്തിരക്കുള്ള ബസ് സ്റ്റാന്റുകൾ, റെയിൽവെ സ്റ്റേഷനുകൾ, പാർക്കുകൾ, ലൈബ്രറികൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ 1000 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുമ്പോൾ ഓരോ ഹോട്ട്സ്പോട്ടുകളുടെയും ദൂരപരിധിക്കുള്ളിൽ വരുന്ന പൊതുജനങ്ങൾക്ക് നിശ്ചിത സമയം സൗജന്യ ഇന്റർനെറ്റ് സേവനം ലഭ്യമാകുന്നതാണ്. ഓരോ ജില്ലകളിലും വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ അതാത് ജില്ലാ കലക്ടർമാർ കണ്ടെത്തുകയും, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ 21.04.2017-ൽ സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (Expression of Interest) ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. യോഗ്യത നേടുന്ന കമ്പനികളിൽ നിന്നും ടെണ്ടർ നടപടികളിലൂടെ സർവ്വീസ് പ്രൊവൈഡറെ കണ്ടെത്തിയ ശേഷം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം 1000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ കൂടി സ്ഥാപിക്കുന്നതാണ്. |

Manoharan

സെക്ഷൻ ഓഫീസർ